"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ് -ലീഗൽ മെട്രോളജി - ലീഗൽ മെട്രോളജി താമരശ്ശേരി ഇൻസ്‌പെക്ടർ ഓഫീസിൽ ക്ലാർക്ക് ആയി ജോലി ചെയ്യുന്ന ശ്രീ അജയ്.പി.വർക്കിയുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.54/2024/CAD തീയതി,തിരുവനന്തപുരം, 21-12-2024

---

പരാമർശം:-
1. ലീഗൽ മെട്രോളജി കൺട്രോളറുടെ 02/11/2018 ലെ നമ്പർ B2 6240/2017 ഉത്തരവ് നടപടി ക്രമം
2. ശ്രീ. അജയ് പി വർക്കി യുടെ തിയ്യതി വെക്കാതെയുള്ള അപേക്ഷ
3. ലീഗൽ മെട്രോളജി കൺട്രോളറുടെ 13.03.2024 ലെ LMD-HQ/722/2023 B1(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലീഗൽ മെട്രോളജി താമരശ്ശേരി ഇൻസ്‌പെക്ടർ ഓഫീസിൽ ക്ലർക്ക് തസ്തികയിൽ 08-11-2018ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. അജയ്. പി. വർക്കി യുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 08-11-2018 മുതൽ 07-11-2020 വരെ ആയിരുന്നു (3 വർഷത്തിൽ തുടർച്ചയായ 2 വർഷം). എന്നാൽ ടി കാലയളവിൽ ടിയാൻ വകുപ്പുതല പരീക്ഷ (MOP) പാസ്സായിരുന്നില്ലെന്നും, പിന്നീട് 22-11-2022ന് നടന്ന പരീക്ഷയിലാണ് ടിയാൻ MOP പാസ്സായതെന്നും, ആകയാൽ 08-11-2021 മുതൽ 22-11-2022 വരെ ടി ജീവനക്കാരൻറെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവാകേണ്ടതായിട്ടുണ്ടെന്നും, പ്രസ്തുത കാലയളവിൽ ടിയാൻ 18-11-2021 മുതൽ 05-12-2021 വരെ 18 ദിവസവും, 21-11-2022 മുതൽ 26-11-2022 വരെ 6 ദിവസവും ഉൾപ്പെടുന്ന 24 ദിവസത്തെ പരിവർത്തിത അവധി എടുത്തിട്ടുള്ളതിനാൽ, ആയത് കൂടി ഉൾപ്പെടുത്തി 18-11-2021 മുതൽ MOP പരീക്ഷ തീയതിയായ 22-11-2022 വരെയുള്ള ടിയാന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവുണ്ടാകണമെന്ന് പരാമർശം (3) പ്രകാരം കൺട്രോളർ അപേക്ഷിച്ചിരുന്നു. 08-11-2020 മുതൽ 07-11-2021 വരെ ഒരു വർഷം പ്രൊബേഷൻ കാലയളവ് പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും കൺട്രോളർ അറിയിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി താമരശ്ശേരി ഇൻസ്‌പെക്ടർ ഓഫീസിൽ ക്ലാർക്ക് ആയി ജോലി ചെയ്യുന്ന ശ്രീ അജയ്.പി.വർക്കിയുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ നിയമനാധികാരി ദീർഘിപ്പിച്ച് നൽകിയ കാലയളവിനു ശേഷം, വകുപ്പ് തല പരീക്ഷ പാസായിട്ടുള്ളതിനാൽ പരീക്ഷാ തീയതിയുടെ തൊട്ടടുത്ത ദിവസം പൂർവ്വാഹ്നത്തിൽ (FN) നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധത്തിൽ, നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കേണ്ടതിന്റെ തൊട്ടടുത്ത ദിവസം വരെ അതായത്, 08-11-2021 മുതൽ 24.11.2022 വരെ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വിഷയത്തിൽ, നിരീക്ഷണകാലം വിജയകരമായി പൂർത്തിയായതായി പ്രഖ്യാപിക്കേണ്ട തീയതിയിൽ ഉദ്യോഗസ്ഥൻ പരിവർത്തിത അവധിയിൽ ആയിരുന്നോ എന്നത് പരിഗണിക്കേണ്ടതില്ലെന്നു കൂടി അറിയിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ജോയിന്റ് സെക്രട്ടറി

ലീഗൽ മെട്രോളജി കൺട്രോളർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (കൺട്രോളർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ &ഇ), കേരള,തിരുവനന്തപുരം
നവ-ദൃശ്യ -അച്ചടി വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ ( CA4/52/2024/CAD)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ